"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിൽ വയനാട് ജില്ലയിൽ മേപ്പാടി റെയിഞ്ചിൽ സീനിയർ ക്ലാർക്കായ ശ്രീ. വിദീന്ദ്രൻ സി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. നം.821/2024 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.70/2025/F&WLD തീയതി,തിരുവനന്തപുരം, 17-02-2025**

---

പരാമർശം:-
1. ശ്രീ.വിദീന്ദ്രൻ. സി-യുടെ 22.06.2024 - ലെ അപ്പീൽ അപേക്ഷ.
2. ഒ.എ നം.821/2024 നമ്പർ കേസിലെ 04.10.2024 - ലെ ഉത്തരവ്.
3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 08.01.2025 - ലെ ഇ3-7923/2024 നമ്പർ കത്ത്.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീ.വിദീന്ദ്രൻ.സി - യെ വയനാട് ജില്ലയിലെ മേപ്പാടി റെയിഞ്ചിലേയ്ക്ക് സ്ഥലംമാറ്റം നൽകിയതിനെതിരെ ടിയാൻ ഫയൽ ചെയ്ത ഒ.എ നം.821/2024 നമ്പർ കേസിൽ, ശ്രീ. വിദീന്ദ്രൻ.സി - സമർപ്പിച്ച അപേക്ഷ(Annexure A5) പരിഗണിച്ച് ഉചിത ഉത്തരവ് പുറപ്പെടുവിക്കാനും അതുവരെ ടിയാനെ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ തന്നെ നിലനിർത്തണം എന്നും നാലാം കക്ഷിയായ വനം വകുപ്പ് സെക്രട്ടറിയ്ക്ക് നിർദേശം നൽകി ബഹു.കേരള അഡിമിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ 14.06.2017 മുതൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിച്ചുവന്നിരുന്ന ശ്രീ.വിദീന്ദ്രൻ.സി. - യെ 21.06.2024-ലെ അന്തിമ പൊതുസ്ഥലമാറ്റ ഉത്തരവിൽ ടിയാന്റെ താമസസ്ഥലത്തുനിന്നും 150 കി.മീ. അധികം അകലെയുള്ള വയനാട് ജില്ലയിലെ മേപ്പാടി റെയ്ഞ്ചിലേയ്ക്ക് സ്ഥലമാറ്റം നൽകിയിരുന്നു.

3. വയനാട് ജില്ലയിലെ മലയോര ദുർഘട പ്രദേശമായ മേപ്പാടി റെയ്ഞ്ചിലേയ്ക്കുള്ള യാത്ര ശാരീരിക പ്രശ്നങ്ങളെ രൂക്ഷമാക്കുകയും, കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നതിനാലും, രണ്ടു വർഷത്തിൽ കുറവ് സർവ്വീസ് മാത്രം ശേഷിക്കുന്നതിനാലും ടിയാന്റെ സ്ഥലമാറ്റ ഉത്തരവ് റദ്ദ് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് ടിയാൻ പരാമർശം (1) പ്രകാരം അപേക്ഷിക്കുകയുണ്ടായി. അപ്പീൽ അപേക്ഷയിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. വയനാട് മേപ്പാടി ഓഫീസിലേക്ക് ദിവസവും യാത്ര ചെയ്തു പോയി വരാൻ

സാധിക്കുകയില്ല എന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാലും, ശാരീരിക പ്രശ്നങ്ങൾ നിലവിലുള്ളതിനാലും, അപേക്ഷ പ്രകാരമല്ലാത്ത സ്ഥലമാറ്റമായതിനാലും, സേവനത്തിൽ നിന്നും വിരമിക്കാൻ രണ്ട് വർഷത്തിൽ കുറവ് മാത്രമുള്ള ടിയാന്റെ അപ്പീലിന് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ തന്നെ നിലനിർത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ ചെയ്തിട്ടുള്ളതായും അറിയിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വനം വകുപ്പിലെ സീനിയർ ക്ലാർക്കായ ശ്രീ.വിദീന്ദ്രൻ.സി-യെ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ തന്നെ നിലനിർത്താനുള്ള ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശിപാർശ പരിഗണിച്ച്, ടിയാനെ വയനാട് ജില്ലയിലെ മേപ്പാടി റെയ്ഞ്ചിലേക്കു നൽകിയ സ്ഥലമാറ്റം നടപ്പാക്കേണ്ടതില്ല എന്ന നിർദേശം നൽകി സൂചന (1) ലെ അപ്പീൽ അപേക്ഷ (Annexure A5) തീർപ്പാക്കികൊണ്ട്, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ നം.821/2024 നമ്പർ കേസിന്മേലുള്ള ഉത്തരവ് നടപ്പിലാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സീത എസ് ലക്ഷ്മി**

**അണ്ടർ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം), തിരുവനന്തപുരം.
ശ്രീ. വിദീന്ദ്രൻ.സി, സീനിയർ ക്ലാർക്ക്,നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസ്,കണ്ണൂർ-670 601..
അഡ്വക്കേറ്റ് ജനറൽ,എറണാകുളം(ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
Date: 17-02-2025 14:20:25
സെക്ഷൻ ഓഫീസർ